(ബി) ആറ്റിങ്ങൽ ആർ. ടി. ഒ. യുടെ റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ബസ് സ്റ്റാന്റ് മാറ്റി സ്ഥാപിക്കാൻ സത്വരമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആറ്റിങ്ങൽ മുനിസിപ്പൽ ബസ് സ്റ്റാന്റ് മാമത്തേയ്ക്ക് മാറ്റണമെന്ന ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ അപേക്ഷ വിശദമായ അന്വേഷണ റിപ്പോർട്ട് സഹിതം ആർ. ടി. എ. യോഗത്തിൽ (24.06.2010-ൽ നടന്നത്) തീരുമാനത്തിനായി സമർപ്പിക്കുകയുണ്ടായി. എന്നാൽ നാളിതുവരെയായി തീരുമാനം എടുത്തിട്ടില്ല.

(ബി) നിർദ്ദിഷ്ട വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു കേസ് ആറ്റിങ്ങൽ മുൻസിഫ് കോടതിയിൽ (ഒ. എസ്. നം. 314/06) ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ കോടതിയുടെ അന്തിമ വിധി വന്നിട്ടില്ല.

(സി) ആർ. ടി. എ. ബോർഡിന്റെ തീരുമാനം വരുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി ചെലവഴിച്ച തുക

266 (4055) ശ്രീ. പി. സി. ജോർജ്ജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന് കീഴിൽ ആകെ എത്ര ബോട്ടുകൾ ഉണ്ട് ; ഇതിൽ തടി ബോട്ടുകൾ എത്ര ;

(ബി) സർവ്വീസ് യോഗ്യമായ എത്ര തടി ബോട്ടുകൾ ഉണ്ട് ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര തടി ബോട്ടുകൾ റിപ്പയർ ചെയ്ത് സർവ്വീസ് യോഗ്യമാക്കിയെന്ന് വ്യക്തമാക്കുമോ ;

(ഡി) 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ പഴയ തടി ബോട്ടുകൾ നവീകരിക്കുന്നതിനും പുതിയ ബോട്ടുകൾ വാങ്ങുന്നതിനുമായി ചെലവഴിച്ച തുക എത്ര വീതമാണ് ; വ്യക്തമാക്കുമോ ;

(ഇ) നിലവിൽ വകുപ്പിന്റെ കീഴിൽ തടി ഇതര ബോട്ടുകൾ എത്രയെണ്ണം വീതമുണ്ട് ;

(എഫ്) ദേശീയ ജലപാത പ്രയോജനപ്പെടുത്തി, വിനോദ സഞ്ചാരികളെ ആകർഷിക്കത്തക്ക നിലയിൽ പുതിയ ബോട്ടുകൾ സർവ്വീസുകൾ ആരംഭിക്കുവാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ ആകെ 82 ബോട്ടുകളുള്ളതിൽ 44 എണ്ണം തടി ബോട്ടുകളാണ്. അതിൽ 27 എണ്ണം സർവ്വീസ് യോഗ്യമാണ്.

(സി) 34 തടി ബോട്ടുകൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം റിപ്പയർ ചെയ്ത് സർവ്വീസ് യോഗ്യമാക്കി.

(ഡി) പഴയ തടി ബോട്ടുകൾ നവീകരിക്കുന്നതിനായി 1,00,76,410 രൂപയും പുതിയ ബോട്ടുകൾ വാങ്ങുന്നതിനായി 12,35,60,496 രൂപയും ചെലവഴിച്ചു.

(ഇ) നിലവിൽ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ കീഴിൽ തടിയിതര ബോട്ടുകളായ 12 ഫൈബർ ബോട്ടുകളും 26 സ്റ്റീൽ ബോട്ടുകളുമുണ്ട്.

(എഫ്) ദേശീയ ജലപാതയുടെ പൂർത്തീകരണത്തോടുകൂടി ഇത്തരം സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 3752, 3796, 3814, 3820, 3823, 3824 3827, 3828, 3831, 3872, 3876, 3877, 3878, 3879, 3880, 3881, 3891, 3908, 3909, 3911, 3912, 3913, 3915, 3916, 3917, 3920, 3935, 3939, 3940, 3949, 3951, 3953, 3954, 3955, 3958, 3960, 3961, 3962, 3963, 3969, 3973, 3977, 3979, 3981 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

II ശ്രദ്ധക്ഷണിക്കൽ

(1) എം.ഡി.ആർ.വിഭാഗത്തിൽ റോഡുകൾ

ശ്രീ. കെ. സി. ജോസഫ് : സർ, എം.ഡി.ആർ. -കളുടെ ഘടന സംബന്ധിച്ച് ഈ സഭയിലെ ഭരണ-പ്രതിപക്ഷ മെമ്പർമാർ പലരും ആവർത്തിച്ച് ഉന്നയിച്ച വിഷയമാണ്. പഞ്ചായത്ത്‌രാജ് നിയമം വന്നതോടുകൂടി നേരത്തെ പി.ഡബ്ല്യു.ഡി. കൈകാര്യം ചെയ്തിരുന്ന ഒ.ഡി.ആർ.-കളെല്ലാം പഞ്ചായത്തിലേക്ക് കൈമാറി. 1994-ന് ശേഷം ഇതു സംബന്ധിച്ച് ആറ് ഉത്തരവുകൾ വന്നു. 14-5-1998, 29-5-2003, 23-11-2004, 1-3-2005, 23-8-2005, 14-8-2009 തീയതികളിലെ ഉത്തരവുകൾ പ്രകാരം റോഡുകൾ എം.ഡി.ആർ ആക്കുക വീണ്ടും പഞ്ചായത്തിന് കൈമാറുക, വീണ്ടും എം.ഡി.ആർ. ആക്കുക. ഈ പ്രോസ്സസിന് ഒരു അവസാനമുണ്ടാകണം. ഒരു പൊതുവായ മാനദണ്ഡം സ്വീകരിക്കണം. ഞാൻ പഞ്ചായത്തിന്റെ അധികാരമില്ലാതാക്കാൻ പറയുന്നില്ല. രണ്ടോ അതിലേറെ പഞ്ചായത്തുകളുടെയോ നിലവിലുള്ള റോഡുകൾ ഇന്നത്തെ നിലയ്ക്ക് ഗ്രാമപഞ്ചായത്തിനോ ബ്ലോക്ക് പഞ്ചായത്തിനോ ജില്ലാ പഞ്ചായത്തിനോ കൈകാര്യം ചെയ്യാൻ പ്രയാസമാണ്. പി.ഡബ്ല്യു.ഡി.ക്കാണെങ്കിൽ അതിന് കഴിയും. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട പല റോഡുകളും ഇപ്പോഴും എം.ഡി.ആർ. പട്ടികയിൽനിന്നുമാറി പഞ്ചായത്തിന് കൈമാറിയിരിക്കുകയാണ്. അഞ്ചുകോടി രൂപ മുടക്കി പി. ഡബ്ല്യു.ഡി. നിർമ്മിച്ച പാവന്നൂർക്കടവ് പാലം ഉൾക്കൊള്ളുന്ന

9.00 AM]